കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുനെല്ലി ഗ്രാമ പഞ്ചായത്ത് - കാട്ടിക്കുളം ഹയർ സെക്കന്ററി സ്കൂൾ മെയിന്റനൻസ് - ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.2944/18/ തസ്വഭവ തിരുവനന്തപുരം, തീയതി,19.11.2018.

പരാമർശം - 1. വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.09.2018-ലെ കത്ത്

2. തിരുനെല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 27.09.2018-ലെ കത്ത്

3.വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 16/10/2018 തീയതിയിലെ 4.14 നമ്പർ തീരുമാനം

**ഉത്തരവ്**

തിരുനെല്ലി ഗ്രാമ പഞ്ചായത്തിന്റെ ആസ്ഥാനമായ കാട്ടിക്കുളത്ത് സ്ഥിതി ചെയ്യുന്ന കാട്ടിക്കുളം ഗവ.ഹയർ സെക്കന്ററി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി സ്ഥലം വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിന് തുക കൈമാറുന്നതിനുള്ള പദ്ധതിയ്ക്ക് അനുമതി നൽകണമെന്നുള്ള തിരുനെല്ലി ഗ്രാമ പഞ്ചായത്തിന്റെ പരാമർശം (2) അപേക്ഷ പരാമർശം (1) പ്രകാരം വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസർ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയ്ക്കായി സമർപ്പിക്കുകയുണ്ടായി.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 16/10/2018 തീയതിയിലെ യോഗം ഇക്കാര്യം പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാട്ടിക്കുളം ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി സ്ഥലം വാങ്ങുന്നതിന് വയനാട് ജില്ലാ പഞ്ചായത്തിന് തുക കൈമാറുന്നതിനായി തിരുനെല്ലി ഗ്രാമ പഞ്ചായത്തിന് പ്രത്യേക അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, വയനാട്

സെക്രട്ടറി/പ്രസിഡണ്ട്, വയനാട് ജില്ലാ പഞ്ചായത്ത്

സെക്രട്ടറി/പ്രസിഡണ്ട്, തിരുനെല്ലി ഗ്രാമ പഞ്ചായത്ത്, വയനാട്

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഒ . എസ്) വകുപ്പ് , ഡിബി2/369/2018

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ